പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2797 | 09.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ്; ഇത് ലാഭമാണോ അതോ നഷ്ടമാണോ യെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ശരാശരി 5.60 കോടി രൂപയാണ്. അതേ സമയം പ്രതിദിന ശരാശരി ചെലവ് 10.35 കോടി രൂപയാണ്. വരവ്-ചെലവ് അന്തരം ശരാശരി ഏകദേശം 4.75 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | 31 മാർച്ച് 2014-ൽ അവസാനിച്ച വർഷത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിതനഷ്ടം 3622.29 കോടി രൂപയാണ്. തുടർന്നുള്ള കണക്കുകൾ ഓഡിറ്റിങ്ങിലാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാനം കുറവുള്ള സർവ്വീസുകൾ പുന:ക്രമീകരിക്കുവാനും, അന്തർ സംസ്ഥാന സർവ്വീസുകൾ കൂടുതലായി ഓപ്പറേറ്റ് ചെയ്യുവാനും, സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ കൂട്ടുവാനും ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രതിദിന വരുമാനം സംബന്ധിച്ച നേരത്തെ തയ്യാറാക്കിയ ഉത്തരവു പ്രകാരം എത്ര രൂപ പ്രതിദിന വരുമാനം ലഭിച്ചാലാണ് ആദായ കരമായ സർവ്വീസായി കണക്കാ | (ഡി) | 2016-17-ലെ കണക്ക് അനുസരിച്ച് പ്രതിദിനം ശരാശരി 7 കോടി രൂപ വരുമാനം ലഭിച്ചാൽ ലാഭവും നഷ്ടവുമില്ലാത്ത രീതിയിൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമായി നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇതിൽ കുറച്ച് വരുമാനം ലഭിച്ചിട്ടുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ചതു വഴി പ്രതിദിന വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ഇ) | വരുമാനം കുറവുള്ള സർവ്വീസുകൾ പുന:ക്രമീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നതിനാൽ വർദ്ധനവിനെ സംബന്ധിച്ച് കൃത്യമായ വിവരം നൽകുവാൻ സാധിക്കുകയില്ല. |
| (എഫ്) | വരുമാനം കുറഞ്ഞ റൂട്ടുകൾ പുനഃക്രമീകരിച്ചപ്പോൾ പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി ആലോചിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ജി) | പുനഃക്രമീകരിച്ചിട്ടും വരുമാനക്കുറവുള്ള റൂട്ടുകളിൽ സർവ്വീസ് പുനഃസ്ഥാപിക്കാനും ഇത്തരം റൂട്ടുകളിൽ വരുമാന പരിധിയിൽ മാറ്റം വരുത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ജി) | പുന:ക്രമീകരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ തുടർനടപടികളെ കുറിച്ചുള്ള തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ